**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 589** **13-10-2026-ൽ മറുപടിയ്ക്ക്**

**തെഹ്‌രി ഹൈഡ്രോ ഡെവലപ്മെന്റ് കോർപ്പറേഷന്റെ വാഗ്ദാനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത്, 2025 ജനവരിയിൽ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ തെഹ്‌രി ഹൈഡ്രോ ഡെവലപ്മെന്റ് കോർപ്പറേഷൻ കുറഞ്ഞ നിരക്കിൽ 184.08 മെഗാവാട്ട് വൈദ്യുതി നൽകുന്നതിനുള്ള ദീർഘകാല കരാർ വാഗ്ദാനവുമായി സംസ്ഥാനത്തെ സമീപിച്ചിരുന്നോ; വിശദമാക്കുമോ;

**മറുപടി:** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ തെഹ്‌രി ഹൈഡ്രോ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (THDCIL), ഉത്തരാഖണ്ഡിലെ 1000 മെഗാവാട്ട് ശേഷിയുള്ള തെഹ്‌രി പമ്പ്ഡ് സ്റ്റോറേജ് പദ്ധതിയിൽനിന്ന് 184.08 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിനുള്ള വാഗ്ദാനം 2024-ൽ കെഎസ്ഇബിഎൽ-നു സമർപ്പിച്ചിരുന്നു. പ്രസ്തുത ഓഫർ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. വിശദമായ സാങ്കേതിക-സാമ്പത്തിക പരിശോധന നടത്തുകയുണ്ടായി. കൺവേർഷൻ ചാർജിനു പുറമേ പമ്പിങ്ങിനുള്ള വൈദ്യുതിച്ചെലവ് , പ്രസരണനഷ്ടം, എസ്.എൽ.ഡി.സി. ഫീസുകൾ, മറ്റ് അനുബന്ധ ചാർജ്ജുകൾ എന്നിവ കൂടി കണക്കിലെടുത്തപ്പോൾ യഥാർത്ഥ വൈദ്യുതി വാങ്ങൽ ചെലവ് ഉയർന്നതാണെന്ന് കണ്ടെത്തി. ഇപ്രകാരം പ്രസ്തുത പദ്ധതിയിൽനിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള യഥാർത്ഥ ചെലവ് ഉയർന്നതാണെന്ന് കണ്ടെത്തിയതിനാൽ, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓഫർ സ്വീകരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടില്ല.

സംസ്ഥാനത്തെ നിലവിലെ വൈദ്യുതി പ്രതിസന്ധി എൽ-നിനോ പ്രതിഭാസം മൂലം രാജ്യത്താകമാനം വൈദ്യുതി ആവശ്യകതയിലുണ്ടായ വർധന, ദീർഘകാല കരാറുകൾ റദ്ദാക്കിയത് , ഉയർന്ന പീക്ക് ആവശ്യകത, വിപണിയിലെ വൈദ്യുതിയുടെ ലഭ്യതക്കുറവ് , കാലാവസ്ഥാ വ്യതിയാനം, മൺസൂൺ മഴയിൽ ഉണ്ടായ കുറവ് എന്നീ കാരണങ്ങളാൽ ഉണ്ടായിട്ടുള്ളതാണ് .

**(ബി)** പ്രസ്തുത കരാറിൽ സംസ്ഥാനം താൽപര്യം കാണിക്കാതിരുന്നതിനെ തുടർന്ന് ടി.എച്ച്.ഡി.സി. മറ്റു സംസ്ഥാനങ്ങളെ സമീപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** പ്രസ്തുത ഓഫറിൽ KSEBL തീരുമാനം കൈക്കൊണ്ടിട്ടില്ല. THDCIL മറ്റ് സംസ്ഥാനങ്ങളെ സമീപിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

**(സി)** കരാർ നിരസിച്ച മുൻ സർക്കാരിന്റെ നടപടി സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി രൂക്ഷമാകുന്നതിന് കാരണമായോ; വിശദമാക്കുമോ?

**മറുപടി:** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ തെഹ്‌രി ഹൈഡ്രോ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (THDCIL), ഉത്തരാഖണ്ഡിലെ 1000 മെഗാവാട്ട് ശേഷിയുള്ള തെഹ്‌രി പമ്പ്ഡ് സ്റ്റോറേജ് പദ്ധതിയിൽനിന്ന് 184.08 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിനുള്ള വാഗ്ദാനം 2024-ൽ കെഎസ്ഇബിഎൽ-ന് സമർപ്പിച്ചിരുന്നു. പ്രസ്തുത ഓഫർ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. വിശദമായ സാങ്കേതിക-സാമ്പത്തിക പരിശോധന നടത്തുകയുണ്ടായി. കൺവേർഷൻ ചാർജിനു പുറമേ പമ്പിങ്ങിനുള്ള വൈദ്യുതിച്ചെലവ്, പ്രസരണനഷ്ടം, എസ്.എൽ.ഡി.സി. ഫീസുകൾ, മറ്റ് അനുബന്ധ ചാർജ്ജുകൾ എന്നിവ കൂടി കണക്കിലെടുത്തപ്പോൾ യഥാർത്ഥ വൈദ്യുതി വാങ്ങൽ ചെലവ് ഉയർന്നതാണെന്ന് കണ്ടെത്തി. ഇപ്രകാരം പ്രസ്തുത പദ്ധതിയിൽനിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള യഥാർത്ഥ ചെലവ് ഉയർന്നതാണെന്ന് കണ്ടെത്തിയതിനാൽ, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓഫർ സ്വീകരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടില്ല.

സംസ്ഥാനത്തെ നിലവിലെ വൈദ്യുതി പ്രതിസന്ധി എൽ-നിനോ പ്രതിഭാസം മൂലം രാജ്യത്താകമാനം വൈദ്യുതി ആവശ്യകതയിലുണ്ടായ വർധന, ദീർഘകാല കരാറുകൾ റദ്ദാക്കിയത് , ഉയർന്ന പീക്ക് ആവശ്യകത, വിപണിയിലെ വൈദ്യുതിയുടെ ലഭ്യതക്കുറവ് , കാലാവസ്ഥാ വ്യതിയാനം, മൺസൂൺ മഴയിൽ ഉണ്ടായ കുറവ് എന്നീ കാരണങ്ങളാൽ ഉണ്ടായിട്ടുള്ളതാണ് .

**സെക്ഷൻ ഓഫീസർ**